LIBRARY ARCHIVES Kerala Legislative Assembly

ഒറ്റപ്പാലത്ത് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം

196 (5902) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം താലൂക്കിന്റെ ആസ്ഥാനമായ ഒറ്റപ്പാലത്ത് മിനി സിവിൽ സ്റ്റേഷൻകെട്ടിടം നിർമ്മാണത്തിന്റെ കാലികസ്ഥിതി വിശദമാക്കുമോ ;

(ബി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടനിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) സമയബന്ധിതമായി നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി ആക്ഷൻ പ്ലാൻ ഉണ്ടാക്കുവാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒറ്റപ്പാലം മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 22-3-2007-ൽ 290 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 18-8-2007-ൽ പ്രത്യേകാനുമതിയും ആയതിന്റെ അടിസ്ഥാനത്തിൽ 7-9-2007-ൽ 384 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെൻഡർ ചെയ്ത് കരാർ ഉറപ്പിക്കുകയും ചെയ്തെങ്കിലും ബാർ അസോസിയേഷൻ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കേസ് ഫയൽ ചെയ്ത സാഹചര്യത്തിൽ പണി തുടങ്ങാൻ സാധിച്ചിട്ടില്ല. തൻമൂലം പുതിയ സൈറ്റ് കണ്ടുപിടിച്ച് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 31-3-2010 -ൽ 584 ലക്ഷം രൂപയുടെ പുതിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ സൈറ്റിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി. സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) വിശദമായ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് പണി ആരംഭിക്കുന്നതാണ്.

(സി) നിർമ്മാണ പ്രവർത്തനത്തിലുള്ള കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തന്നെ കെട്ടിടം പൂർത്തീകരിക്കുന്നതിന് ശാസ്ത്രീയമായ ഒരു 'പ്രോഗ്രാം ചാർട്ട്' തയ്യാറാക്കുകയും അതനുസരിച്ച് സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്.

പുജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിലെ അനധികൃത താമസക്കാർ

197 (5903) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുജപ്പുര ഗവൺമെന്റ് ക്വാർട്ടേഴ്സിൽ അനധികൃത താമസക്കാർ ഉണ്ടെന്ന് കണ്ടെത്തിയ ക്വാർട്ടേഴ്സുകളുടെ വാടക ആരിൽ നിന്നാണ് ഈടാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ?